| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പന്ത്രണ്ടാം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1829 | 05.12.2014-ൽ മറുപടിക്ക് |
| **കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് സ്റ്റാമ്പു വിൽപന** | |
| ചോദ്യം | ഉത്തരം |
| ശ്രീ.വി.ശിവൻകുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് സ്വരൂപിക്കുന്നതിനായി അച്ചടിച്ചു വിതരണം ചെയ്ത സ്റ്റാമ്പുകളുടെ വിൽപന പൂർത്തീകരിക്കുന്നതിനായി എത്ര തവണയാണ് സമയം ദീർഘിപ്പിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചത് എന്നു വ്യക്തമാക്കുമൊ; | (എ) | മൂന്ന് തവണ സമയം ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണു സർക്കാർ സ്വീകരിച്ചത് എന്നു വിശദമാക്കുമൊ; | (ബി) | സ്റ്റാമ്പ് വിൽപന നടത്തുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയ 31.12.2012 വരെ മാത്രമേ സ്റ്റാമ്പ് വിൽപ്പന നടത്തിയിട്ടുള്ളൂ. പ്രസ്തുത തീയതിക്കുശേഷം വിൽപ്പനയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും സ്റ്റാമ്പുകളൊന്നും തന്നെ നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത സ്റ്റാമ്പു വിൽപനയുമായി ബന്ധപ്പെട്ട ക്രമക്കേടിനെ സംബന്ധിച്ചും പണാപഹരണത്തെ കുറിച്ചും, എക്സിക്യൂട്ടീവ് ഡയറക്ടറുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടേയും ഇക്കാര്യത്തിലുള്ള കൃത്യവിലോപത്തെ സംബന്ധിച്ചും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | സ്റ്റാമ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ക്രമക്കേടുകളോ പണാപഹരണമോ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നടന്നതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ